'112177/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി . ,ഐ എ എസ്.)

വിഷയം:- വനിത ശിശു വികസന വകുപ്പ് -ഐ സി ഡി എസ് പോഷകബാല്യം പദ്ധതി 2023-24 - മലപ്പുറം ജില്ലയ്ക്ക രണ്ടാം ഗഡു തുക അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം:

1. 14.06.2023 ലെ സ.ഉ.(സാധാ)നമ്പർ.344/2023 WCDD,345/2023 WCDD നമ്പർ സർക്കാർ ഉത്തരവുകൾ
2. 24.05.2023 ലെ.DWCD/ 2602/2023-ICDS B1 ഉത്തരവ്
3. മലപ്പുറം ജില്ലാ ഓഫീസറുടെ 02.08.2023 ലെ No.DWCDO/MPM/B-2100/23 നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/2602/2023-ICDSB1 തീയതി: 20-08-2023**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും,സുസ്ഥിരവികസന ലക്ഷ്യമായ "നോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാനപദ്ധതി 2022-23 ൽ ആരംഭിച്ചു. നടപ്പ സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാന സർക്കാർ, ബഡ്ജറ്റിൽ 6350.00 ലക്ഷം രൂപ വകയിരുത്തി 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ നിന്നും ടി തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയ്ക്ക അങ്കണവാടികളിൽ മുട്ട വിതരണത്തിനായി 80,00,000/- രൂപയും പാൽ വിതരണത്തിനായി 85,00,000/- രൂപയും ഉൾപ്പെടെ 1,65,00,000/-രൂപ പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. 2023 ഓഗസ്റ്റ് മാസം വരെ വിതരണം ചെയ്യുന്നതിനായി മുട്ടയ്ക്ക് 18,00,000/- രൂപയും പാലിന് 35,00,000/- രൂപയും മലപ്പുറം ജില്ലാ വനിതാ ശിശു വികസന ആഫീസർ പരാമർശം (3) പ്രകാരം അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ രണ്ടാം ഗഡുവായി മുട്ടയ്ക്ക് 18,00,000/- രൂപയും പാലിന് 35,00,000/- രൂപയും ഉൾപ്പെടെ ആകെ 53,00,000/- ലക്ഷം (അൻപത്തി മൂന്നു ലക്ഷം രൂപാ മാത്രം) നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ നിന്നും മലപ്പുറം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അനുവദിച്ചുത്തരവാകുന്നു.

ഈ ഉത്തരവു പ്രകാരം അനുവദിക്കുന്ന തുകയുടെയും, പരാമർശം (2) പ്രകാരം അനുവദിച്ച തുകയുടെയും ധന വിനിയോഗ സാക്ഷ്യപത്രം ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതും, പ്രോഗ്രാം ഓഫീസർ ആയതു ക്രോഡീകരിച്ച ഈ കാര്യാലയത്തിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ ശിശു വികസന ഓഫീസർ,മലപ്പുറം.

/112177/2023

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ, മലപ്പുറം.
2. സൂപ്രണ്ട്, A സെക്ഷൻ,
3 വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്,
4 സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 20-08-2023 21:11:10